നദികളിൽനിന്നും അന്യസംസ്ഥാനങ്ങൾ ജലം കടത്തിക്കൊണ്ടു പോകുന്നത് തടയാൻ നടപടി

22 (*641)ശ്രീ ജോർജ് ജെ. മാത്യു :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിൽനിന്നും അന്യസംസ്ഥാനങ്ങൾ ജലം കടത്തിക്കൊണ്ടുപോകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽനിന്നും തമിഴ്നാട്ടിലേക്ക് ജലം കടത്തിക്കൊണ്ട് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

(ഡി) പ്രസ്തുത നദികളിലെ ജലം കടത്തിക്കൊണ്ടുപോകുന്നത് തുടർന്നാൽ മദ്ധ്യതിരുവിതാംകൂറിൽ ജലക്ഷാമം രൂക്ഷമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) പ്രസ്തുത നദികളിൽനിന്ന് ജലം കടത്തിക്കൊണ്ടുപോകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) അന്യസംസ്ഥാനങ്ങൾ അനധികൃതമായി ജലം കടത്തുന്നത് പരിശോധിക്കാൻ തൃശ്ശൂർ ഇൻവെസ്റ്റിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബേസിനുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും ഉള്ള ഒരു സംവിധാനം നിലവിലുണ്ട്.

(ബി) & (സി) ജലം തിരിച്ചു വിടാനുള്ള ശ്രമം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1980-ൽ വനംവകുപ്പ്, ഇത് തടയുന്നതിനായി, ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിക്കുകയും വെള്ളം ചോർത്തൽ ശ്രമം പൂർണ്ണമായി തടയുകയും ചെയ്തിരുന്നു. അടിക്കടി സംസ്ഥാന അതിർത്തി പരിശോധനയും വെള്ളം ചോർത്താൻ സാദ്ധ്യതയുള്ള നദികളുടെ ഉത്ഭവസ്ഥാനത്തുള്ള പരിശോധനയും വനംവകുപ്പ് നടത്തിവരുന്നുണ്ട്.

(ഡി) & (ഇ) മേൽപ്പറഞ്ഞ നദികളിൽനിന്ന് ജലം കടത്തിക്കൊണ്ടുപോകുന്നതിന് ആരെയും അനുവദിക്കുകയോ ആർക്കെങ്കിലും അനുമതി നല്കുകയോ ചെയ്തിട്ടില്ല. മാത്രമവുമല്ല ജലം കടത്തിക്കൊണ്ടുപോകുന്നത് തടയാൻ എല്ലാ മുൻകരുതൽ നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്

23 (*642)ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly